ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) 1963–64–ലെ നല്ലൽറ്റ്പാദനം തിട്ടപ്പെടുത്തിയിട്ടില്ല. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവിധ കൃഷി വികസനപരിപാടികൾക്കായി 1963-64-ൽ (1964 ജനുവരി അവസാനംവരെ) 1,00,27,630 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 1963–64–ൽ മുണ്ടകൻ മെച്ചമായിരുന്നു. എത്ര ശതമാനം വർദ്ധനവ് ഉണ്ടായി എന്നു ഇപ്പോൾ അറിയുക സാദ്ധ്യമല്ല.

Cattle and Dairy Development Project

* 642. [9] ശ്രീ. എം. സി. ഏബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്പിസ്സ് കൊളാബറേഷനോടുകൂടി ഒരു Cattle and Dairy Development Project ഹൈറേഞ്ചിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രമാത്രം പുരോഗമിച്ചു?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പ്രോജക്ടിനാവശ്യമുള്ള കെട്ടിടനിർമ്മാണത്തിനു പുറമേ ഫോഡർ പ്രൊഡക്ഷൻ, കേറ്റിൽ ബ്രീഡിംഗ്, സായിൽ അനാലിസിസ് തുടങ്ങിയ പ്രവർത്തനങ്ങളും ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. സി. അച്യുതമേനോൻ : ഈ സ്ഥലത്തു വളർത്താൻ ഉദ്ദേശിക്കുന്നതു് ഏതു തരത്തിലുള്ള പശുക്കളെയാണു്? മറ്റു പുറം രാജ്യങ്ങളിൽനിന്നു് ഇറക്കുമതി ചെയ്തു ഇവിടെ കൊണ്ടുവന്നു വളർത്തുകയാണോ അതോ ഇവിടെയുള്ളതിനെ വളർത്തുകയാണോ ചെയ്യുന്നതു്?

ശ്രീ. ഇ. പി. പൗലോസ് : ജേഴ്സി ബ്രീഡ് അതുപോലെയുള്ള നല്ല ഇനം പശുക്കളെ നമ്മുടെ സംസ്ഥാനത്തു് പ്രത്യേകമായി വളർത്തത്തക്കവണ്ണം ക്രോസ്ബ്രീഡ് ചെയ്യുന്നതിനു് കൂടെ പശുക്കളെ ഇറക്കുമതി ചെയ്യാൻ ഉദ്ദേശമുണ്ടു്.

ശ്രീ. ഓ. കോരൻ : നമ്മുടെ സ്റ്റോറിലേക്കു് നല്ലയിനം എരുമക്കുട്ടികളേയും പശുക്കുട്ടികളേയും ഇറക്കുമതി ചെയ്യാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുവെന്നും ചില സ്ഥലത്തു് ഇറക്കുമതിചെയ്തു കൊടുത്തതായും പറയുകയുണ്ടായി. അടുത്ത അവസരത്തിൽ കൽക്കട്ടായിൽനിന്നു് 146 എരുമക്കുട്ടികളെ വാങ്ങിയതിൽ 94 എണ്ണം അവിടെവച്ചുതന്നെ ചത്തുപോയ സംഭവം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൽ അനാസ്ഥ കാണിച്ച ഉദ്യോഗസ്ഥന്റെ പേരിൽ വേണ്ട നടപടിയെടുക്കുമോ?

ശ്രീ. ഇ. പി. പൗലോസ് : ഉദ്യോഗസ്ഥന്മാരുടെയൊന്നും അനാസ്ഥ വന്നിട്ടുള്ളതായി അറിയാൻ പാടില്ല. ഇങ്ങനെ പല സ്ഥലത്തുനിന്നും രണ്ടുമൂന്നു പ്രാവശ്യമായി ഇവിടെ പശുക്കളെ വാങ്ങി വിതരണം ചെയ്തതിൽ യാതൊരു കഴപ്പും വന്നിട്ടില്ല. ഇതിനു് ഏതോ സുഖക്കേടുണ്ടായിരുന്നു; അതുകൊണ്ടാണു് അങ്ങനെ സംഭവിച്ചതു്.

ശ്രീ. ഇ. പി. ഗോപാലൻ : ഗവണ്മെൻറിന്റെ കീഴിലുള്ള കന്നുകാലി ഫാമുകളിൽ ഇവിടത്തെ കാലാവസ്ഥയ്ക്കു് പറ്റിയ തരത്തിലുള്ള സ്പീഷീസ് വളർത്തിക്കൊണ്ടുവരുന്നതിനു് വല്ല റിസർച്ചും നടത്തുന്നുണ്ടോ? ദിവസം കഴിയുന്തോറും ഇവിടത്തെ ആവശ്യത്തിനുവേണ്ടിയുള്ള പാൽതന്നെ കുറഞ്ഞുവരികയാണു്. ഇതിനു ഇവിടെ വല്ല റിസർച്ചും നടത്തുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ പി. പൗലോസ് : ഈ സ്പീസ് പ്രോജക്ട് തന്നെ ഒരു റിസർച്ചസ് കീമാണ്. അതുപോലെതന്നെ പീരുമേട്ടിൽ, ഇപ്പോഴും ചുരുങ്ങിയ തോതിലാണെങ്കിലും, സ്ഥാപിക്കാനുദ്ദേശിക്കുന്ന ഫാമിൽ റിസർച്ചുകൂടി ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ പ്രത്യേകമായി പരീക്ഷണം നടത്തുന്നതിന് സെൻറെന്നും ഏർപ്പെടുത്തിയിട്ടില്ല. കഴിവുള്ളിടത്തോളം ഈ ഫാമുകളിൽ നല്ലയിനം ഉല്പാദിപ്പിക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്.

കടലാക്രമണനിവാരണം.

* 643. [10] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലാക്രമണനിവാരണത്തിനായി 1963-64 വഷ്ത്തേക്ക് എത്ര സംഖ്യ അനുവദിച്ചു; ഇതിൽ എത്ര സംഖ്യ ചെലവഴിച്ചു;

(ബി) കൊട്ടങ്ങല്ലൂർ-അഴിക്കോട് കടലാക്രമണ നിരോധനത്തിനായി നീക്കിവച്ച തുക എത്ര ;

(സി) പ്രസ്തുത സംഖ്യ അവിടെ ചെലവഴിക്കാതെ മറ്റു വല്ല സ്ഥലത്തെ പണികൾക്കും നീക്കിവയ്ക്കുകയുണ്ടായോ ;

(ഡി) ഇങ്ങനെ ചെയ്യുന്നതിനെ ആക്ഷേപിച്ചുകൊണ്ട് ഗവണ്മെൻറിലേക്ക് വല്ല നിവേദനവും കിട്ടുകയുണ്ടായോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ)

(എ) കടലാക്രമണ നിവാരണത്തിനായി ഈ സാമ്പത്തികവർഷം 89,74,600 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1964 ജനുവരിവരെ 49,42,548 രൂപ 80 നയാപൈസ ചെലവായിട്ടുണ്ട്.

(ബി) പതിനായിരം രൂപ.

(സി) ഇല്ല.

(ഡി) കിട്ടിയിട്ടുണ്ട്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : വെള്ളപ്പൊക്കം കാരണം നദികളുടെ കരയിലെ വളരെയധികം സ്ഥലം ഇടിഞ്ഞുപോകുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളെ സംരക്ഷിക്കാൻവേണ്ടി വല്ല പ്രത്യേക നടപടിയും ഗവണ്മെൻറ് എടുക്കുന്നുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഇവിടെ ചോദ്യം സീ ഇറോഷനെ സംബന്ധിച്ചാണ്. ഇപ്പോൾ പറഞ്ഞ കാര്യം ഫ്ളഡ് കൺട്രോൾ വർക്കാണ്. പ്രത്യേകമായി ഈ കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെടുത്തിയാൽ ഇതിനെ സംഘടിച്ച് അന്വേഷിക്കാം.

ഫാമിലി പ്ലാനിംഗ് പ്രോഗ്രാം.

* 644. [11] ശ്രീ. പി. എസ്. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാമിലി പ്ലാനിംഗ് പ്രോഗ്രാം ജനങ്ങളുടെയിടയിൽ പ്രചരിപ്പിക്കുന്നതിനു ജില്ലകളിലും താലൂക്കുകളിലും ഡിപ്പാർട്ടുമെൻറൽ ഉദ്യോഗസ്ഥന്മാരെ കൂടാതെ മറ്റു പ്രചരണോദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ അവർ ആരൊക്കെയാണ് ;

(ബി) ഗ്രാമീണ ജനങ്ങളുടെ ഇടയിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനു ബ്ലോക്കുകൾതോറും ഈ കാര്യത്തിനു പ്രചരണോദ്യോഗസ്ഥന്മാരെ നിയമിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly